# പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :2892** — **20.07.2011-ൽ മറുപടിയ്ക്ക്**

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കാര്യശേഷി**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | പ്രൊഫ. സി.രവീന്ദ്രനാഥ്:<br>ഡോ. ടി.എം.തോമസ് ഐസക്:<br>ശ്രീ.കെ. രാധാകൃഷ്ണൻ:<br>ഡോ കെ.ടി.ജലീൽ: | | ശ്രീ.പി.കെ.കുഞ്ഞാലികുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി) |
| (എ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കാര്യശേഷി വർദ്ധിപ്പിക്കാൻ ലോകബാങ്ക് സഹായ പദ്ധതിക്ക്(കെ.എൽ.ജി.എസ്.ഡി.പി)അന്തിമ രൂപം നൽകിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ലോകബാങ്ക് സഹായം സംബന്ധിച്ച കരാറിൽ ലോക ബാങ്ക് പ്രതിനിധികളും സർക്കാർ പ്രതിനിധികളും തമ്മിൽ ഒപ്പുവയ്ക്കുകയുണ്ടായോ; | (ബി) | ഒപ്പുവയ്ക്കുകയുണ്ടായി. |
| (സി) | ഒപ്പുവെച്ച കരാറിലെ പ്രമുഖ വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ? | (സി) | കെ.എൽ.ജി.എസ്.ഡി.പി. പദ്ധതിക്ക് വേണ്ടി 0.75% പലിശയുള്ള 2021 മുതൽ 25 കൊല്ലം കൊണ്ട് തിരിച്ചടക്കേണ്ടുന്ന 200 മില്യൺ യു.എസ്.ഡോളറിന്റെ (920 കോടി രൂപ) വായ്പ കരാറിനാണ് ധാരണാ പത്രം ഒപ്പു വെച്ചിട്ടുള്ളത്. പ്രസ്തുത പദ്ധതി മൊത്തം 260 മില്യൺ യു.എസ്.ഡോളറിന്റേതാണ് (1196 കോടി രൂപ). ഇതിലെ 60 മില്യൺ യു.എസ്.ഡോളർ (276 കോടി രൂപ) സംസ്ഥാന വിഹിതമാണ്. 2011-12 മുതൽ 2014-15വരെയുള്ളകാലയളവിൽ സംസ്ഥാനത്തിലെ 978 ഗ്രാമ പഞ്ചായത്തുകൾക്കും 60 മുനിസിപ്പാലിറ്റികൾക്കും ഈ പദ്ധതിയിലൂടെ |

സേവനപ്രദാനംമെച്ചപ്പെടുത്തുന്നതിനാവശ്യമായ ആസ്തികളുടെ സൃഷ്ടി, ആസ്തികളുടെ മെയിന്റനൻസ് എന്നിവയ്ക്ക് ആവശ്യമായ ധനസഹായംലഭ്യമാക്കുക, പ്രസ്തുത സ്ഥാപനങ്ങളുടെ കാര്യശേഷി വികസനത്തിന് നിയുക്തമായ; കില, എസ്.ഐ.ആർ.ഡി എന്നീ സ്ഥാപനങ്ങളുടെ ശാക്തീകരണം, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിവരശേഖരം പൂർണ്ണമാക്കി ധനകാര്യ കമ്മീഷനുകൾക്കും ആസൂത്രണ പ്രക്രിയകൾക്കും ആവശ്യമായ പഠനങ്ങൾക്ക് ഉപയുക്തമാക്കുകയും ചെയ്യുക എന്നീ ആവശ്യങ്ങൾക്കാണ് ഈ ധനം ഉപയോഗിക്കേണ്ടത്.

സെക്ഷൻ ഓഫീസർ